

ആധാർ പദ്ധതി ജില്ലാതല ഉദ്ഘാടനം വെള്ളമുണ്ടയിൽ മന്ത്രി പി.കെ.ജയലക്ഷ്മി നിർവഹിക്കുന്നു

# ആധാർ പദ്ധതിക്ക് ജില്ലയിൽ തുടക്കമായി

മാനന്തവാടി: രാജ്യത്തെ മുഴുവൻ ആളുകൾക്കും 12 അക്ക തിരിച്ചറിയൽ നമ്പർ നൽകുന്ന ആധാർ പദ്ധതിക്ക് ജില്ലയിൽ തുടക്കമായി.

അടുത്ത മാർച്ച് അവസാനത്തോടെ ജില്ലയിലെ മുഴുവൻ പേർക്കും ആധാർ നമ്പർ നൽകാൻ കഴിയുമെന്നും ഇതുവഴി ജനക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുമെന്നും ഉദ്ഘാടന പ്രസംഗം നടത്തിയ മന്ത്രി പി.കെ. ജയലക്ഷ്മി പറഞ്ഞു.

വെള്ളമുണ്ട സർവീസ് സഹകരണ ബാങ്ക് കോൺഫ്രൻസ് ഹാളിലെ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. പൗലോസ് അധ്യക്ഷത വഹിച്ചു. സി. മമ്മൂട്ടി എംഎൽഎ മുഖ്യ പ്രഭാഷണം നടത്തി.

ജില്ലാ കലക്ടർ വി. രതീശൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. അബ്ദുൾ അഷറഫ്, പഞ്ചായത്ത് പ്രസിഡന്റ് പി. എ. ആലി ഹാജി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എം. മുഹമ്മദ് ബഷീർ, ടി. മുഹമ്മദ്, ചിന്നമ്മ ജോസ്, അക്ഷയ കോ–ഓഡിനേറ്റർ കെ. സത്യൻ, എം.എ. ജോസഫ്, സീതാ ബാലചന്ദ്രൻ, പി. മുഹമ്മദ്, എം.സി. സെബാസ്റ്റ്യൻ, കെ. സദാനന്ദൻ, കെ.സി. ആലി, ഷീമ സുരേഷ്, ടി.കെ. മമ്മൂട്ടി, എ. പ്രഭാകരൻ, കെ.സി. മുണ്ടൻ, മുഹമ്മദ് ഉസ്മാൻ എന്നിവർ പ്രസംഗിച്ചു.